## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T * 3072    11-12-2014 -ൽ മറുപടിക്ക്

### പ്രകൃതി ദുരന്തം മൂലമുള്ള വിളനാശങ്ങളുടെ നഷ്ടപരിഹാരത്തിന്റെ മാനദണ്ഡങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പുരുഷൻ കടലുണ്ടി** | | **ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | പ്രകൃതി ദുരന്തത്തിൽ വിളനാശം സംഭവിച്ചത് സംബന്ധിച്ച നഷ്ടത്തുക കണക്കാക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടോ; | എ) ബി) | കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ അനുസരിച്ചാണ് 75% കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവും ചേർന്ന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്. പ്രസ്തുത നിധിയിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. ആശ്വാസ ധനസഹായമാണ് അനുവദിക്കുന്നത്. പ്രകൃതി ദുരന്തത്തിൽ വിളനാശം സംഭവിച്ചവർക്കുള്ള ധനസഹായം 21.08.2014-ലെ G.O.(Ms)No. 361/2014/ DMD പ്രകാരമാണ് നിലവിൽ അനുവദിക്കുന്നത്. |
| ബി) | പ്രകൃതി ദുരന്തത്തിൽ നഷ്ടപ്പെട്ട ഒരു തെങ്ങിന് 800 രൂപ കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ പുതിയ മാനദണ്ഡപ്രകാരം ഒരു തെങ്ങിന് 65 രൂപ മാത്രമേ നൽകാൻ കഴിയൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| സി) | തെങ്ങ്, കവുങ്ങ്, വാഴ തുടങ്ങിയ വിളകൾക്ക് വിള വിസ്തൃതിക്ക് പകരം എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തുക കണക്കാക്കുന്നതിന് നിർദ്ദേശിക്കാമോ? | സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ